# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) അസമിലെ നംരൂപിൽ, 12000 കോടി രൂപയുടെ അമോണിയ-യൂറിയ വളം ഫാക്ടറിയുടെ ശിലാസ്ഥാപനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നിർവ്വഹിക്കും.

**Prime Minister Narendra Modi will lay the foundation stone of a Rs 12,000 crore ammonia-urea fertilizer project in Namrup, Assam today.**

2) ലോക ധ്യാന ദിനത്തോടനുബന്ധിച്ച് ഹൈദരാബാദിലെ കൻഹ ശാന്തി വനത്തിൽ നടക്കുന്ന ധ്യാന പരിപാടിയിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പങ്കെടുക്കും.

**Vice President C P Radhakrishnan will participate in a meditation program at Kanha Shanti Van in Hyderabad on the occasion of World Meditation Day.**

3) ബംഗ്ലാദേശിലെ സാഹചര്യം സങ്കീർണ്ണമാകുന്നതിൽ ആശങ്ക രേഖപ്പെടുത്തി ഐക്യരാഷ്ട്രസഭ; അക്രമങ്ങളിൽ നിന്ന് എല്ലാ വിഭാഗങ്ങളും പിന്തിരിയണമെന്ന് യു.എൻ സെക്രട്ടറി ജനറൽ

**UN expresses concern over the worsening situation in Bangladesh; UN Secretary General urges all parties to refrain from violence.**

4) കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കും.

**Newly elected members of local bodies in Kerala will take oath and assume office today.**

5) നടനും തിരക്കഥാകൃത്തും സംവിധായകനുമായ ശ്രീനിവാസന് നാടിൻറെ അന്ത്യാഞ്ജലി; സംസ്കാരം രാവിലെ 10 മണിക്ക് കണ്ടനാട്ടെ വീട്ടുവളപ്പിൽ ഔദ്യോഗിക ബഹുമതികളോടെ

**Thousands bid farewell to veteran actor, scriptwriter and director Srinivasan; Funeral to be held at 10 am at his residence in Kandanad with state honours.**

6) അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യയിന്ന് പാകിസ്ഥാനെ നേരിടും ; മത്സരം ദുബായിലെ ICC അക്കാഡമി സ്റ്റേഡിയത്തിൽ രാവിലെ 11 മണിക്ക്.

**India will face Pakistan in the Under-19 Asia Cup cricket final today; Match to be played at 11 am at the ICC Academy Stadium in Dubai.**

## PM ASSAM TODAY

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അസം സന്ദർശനം തുടരുന്നു. ഇന്ന് നടക്കുന്ന പരീക്ഷ പേ ചർച്ചയിൽ 25 സ്കൂളുകളിലെ വിദ്യാർത്ഥികളുമായി ബ്രഹ്മപുത്ര നദിയിലൂടെയുള്ള ക്രൂയിസ് യാത്രയ്ക്കിടെ അദ്ദേഹം സംവദിക്കും. അസം പ്രസ്ഥാനത്തിൽ ബലിദാനികളായ 860 പേരുടെ സ്മരണയ്ക്കായി നിർമ്മിച്ച സ്വാഹിദ് സ്മാരക ക്ഷേത്രം അദ്ദേഹം സന്ദർശിക്കും. തുടർന്ന് നംരൂപിൽ, 12000 കോടി രൂപയുടെ അമോണിയ-യൂറിയ വളം ഫാക്ടറിയുടെ ശിലാസ്ഥാപനം പ്രധാനമന്ത്രി നിർവ്വഹിക്കും. നംരൂപിൽ സംഘടിപ്പിക്കുന്ന പൊതുയോഗത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും.

## PM ASSAM YESTERDAY (INTRO)

അസം സന്ദർശനത്തിന്റെ ആദ്യ ദിനമായ ഇന്നലെ ഗുവാഹത്തിയിൽ നടന്ന പൊതുയോഗത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. ആക്ട് ഈസ്റ്റ് പോളിസി പ്രകാരം കേന്ദ്രം വടക്കുകിഴക്കൻ മേഖലയ്ക്ക് മുൻഗണന നൽകുന്നുണ്ടെന്നും വികസിത ഭാരതത്തിന്റെ എഞ്ചിനായി അസം മാറുമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

നേരത്തെ ഗുവാഹത്തിയിലെ ലോകപ്രിയ ഗോപിനാഥ് ബർദലോയ്

അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ കെട്ടിടം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഏകദേശം 1.4 ലക്ഷം ചതുരശ്ര മീറ്ററിൽ വ്യാപിച്ചുകിടക്കുന്ന പുതിയ ടെർമിനൽ പ്രതിവർഷം 1.3 കോടി യാത്രക്കാരെ കൈകാര്യം ചെയ്യും. ടെർമിനലിന് പുറത്ത് അസമിലെ ആദ്യ മുഖ്യമന്ത്രി ഗോപിനാഥ് ബർദോലോയുടെ 80 അടി ഉയരമുള്ള പ്രതിമ പ്രധാനമന്ത്രി അനാച്ഛാദനം ചെയ്തു.

## PM FUR REV. DAY PM-WEST BENGAL

പശ്ചിമ ബംഗാളിൽ 3,200 കോടി രൂപ ചെലവ് വരുന്ന രണ്ട് ദേശീയപാത പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും പ്രധാനമന്ത്രി നരേന്ദ്രമോദി വിർച്വലായി നിർവഹിച്ചു. നാദിയ ജില്ലയിലെ ദേശീയ പാത 34 ലെ 66.7 കിലോമീറ്റർ ബരാജഗുലി-കൃഷ്ണനഗർ സെക്ഷൻറെ നാലുവരി പാതയാണ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തത്. നോർത്ത് 24 പർഗാനാസ് ജില്ലയിലെ 17.6 കിലോമീറ്റർ നീളമുള്ള ബരാജതു-ബരാജഗുലി നാലുവരി പാതയുടെ ശിലാസ്ഥാപനം അദ്ദേഹം നിർവ്വഹിച്ചു.

## PREZ -DROUPADI MURMU (INTRO)

കാരുണ്യം, സഹിഷ്ണുത, പരസ്പര ബഹുമാനം, കൂട്ടായ ഉത്തരവാദിത്തം എന്നീ മൂല്യങ്ങൾ വെറും പഴയ ആദർശങ്ങളല്ലെന്നും ശക്തവും ഐക്യവുമുള്ള ഒരു ആധുനിക ലോകത്തിന് അനിവാര്യമായ അടിത്തറയാണെന്നും രാഷ്ട്രപതി ദ്രൗപതി മുർമു. തെലങ്കാനയിലെ ഗച്ചിബൗളിയിൽ നടന്ന ഒരു പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. വികസിത ഇന്ത്യക്കായുള്ള ദർശനത്തിന് ആധുനിക വിദ്യാഭ്യാസവും ധാർമ്മിക ജ്ഞാനവും നവീനതയും പാരിസ്ഥിതിക ഉത്തരവാദിത്തവും സംയോജിപ്പിക്കണമെന്ന് രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

(വോയ്സ്)

## WORLD MEDITATION DAY

ഇന്ന് ലോക ധ്യാന ദിനം. കഴിഞ്ഞ വർഷമാണ് ഐക്യരാഷ്ട്രസഭ ഡിസംബർ 21 'ലോക ധ്യാന ദിനം' ആയി പ്രഖ്യാപിച്ചത്. ലോക ധ്യാന

ദിനത്തോടനുബന്ധിച്ച് ഹൈദരാബാദിലെ കൻഹ ശാന്തി വനത്തിൽ നടക്കുന്ന ധ്യാന പരിപാടിയിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## VICE-PRESIDENT-PSC

ഭരണനിർവ്വഹണ സംവിധാനങ്ങളുടെ ഗുണമേന്മ മാത്രമല്ല, അവയെ നയിക്കുന്ന വ്യക്തികളുടെ ഗുണനിലവാരവും പ്രധാനമാണെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ ചെയർപേഴ്സൺമാരുടെ ദേശീയ സമ്മേളനത്തിന്റെ സമാപനയോഗത്തെ ഹൈദരാബാദിൽ അഭിസംബോധ ചെയ്യുക യായിരുന്നു ഉപരാഷ്ട്രപതി. രാഷ്ട്രസേവനത്തിനായി പ്രതിഭാധനരും നിഷ്പക്ഷരും ധാർമ്മികരുമായ വ്യക്തികളെ തിരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്തം ഏല്പിക്കപ്പെട്ടിരിക്കുന്ന ഭരണഘടനാ സ്ഥാപനങ്ങളാണ് പബ്ലിക് സർവീസ് കമ്മീഷനുകളെന്നും അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## JAISHANKAR-INTERNATIONAL BOOK FESTIVAL (MUMBAI METRO)

നിരന്തരം സഖ്യങ്ങൾ മാറിക്കൊണ്ടിരിക്കുന്ന കൂട്ടുകക്ഷി രാഷ്ട്രീയത്തിന് സമാനമാണ് സമകാലിക ലോക സാഹചര്യമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. സാഹചര്യം കൃത്യമായി മനസ്സിലാക്കി, സാമർഥ്യത്തോടെ സ്വന്തം താൽപര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഇന്ത്യ മുന്നോട്ടു പോകണ മെന്ന് അദ്ദേഹം പറഞ്ഞു. യൂറോപ്യൻ രാജ്യങ്ങൾ കുടിയേറ്റത്തെ ക്കുറിച്ചുള്ള ആശങ്കകളിലും ചർച്ചകളിലും ഏർപ്പെട്ടിരിക്കുകയാണെന്നും, അതേസമയം ഇന്ത്യൻ തൊഴിലാളികൾക്ക് രാജ്യത്തിന് പുറത്ത് ആവശ്യ ക്കാർ ഏറെയാണെന്നും വിദേശകാര്യ മന്ത്രി വ്യക്തമാക്കി. പുണെ സാഹിത്യോത്സവത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു ശ്രീ ജയശങ്കർ.

☸☸☸☸☸☸☸☸☸☸☸☸☸

## UN - BANGLADESH

ബംഗ്ലാദേശിലെ സാഹചര്യം സങ്കീർണ്ണമാകുന്നതിൽ ആശങ്ക രേഖപ്പെടുത്തി ഐക്യരാഷ്ട്രസഭ; അക്രമങ്ങളിൽ നിന്ന് എല്ലാ വിഭാഗങ്ങളും പിന്തിരിയണമെന്ന് യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ആവശ്യപ്പെട്ടു. യുവജന നേതാവ് ഷെരീഫ് ഒസ്മാൻ ബിൻ ഹാദിയുടെ കൊലപാതകത്തിൽ അനുശോചനം രേഖപ്പെടുത്തിയ അദ്ദേഹം സംഭവത്തിൽ നിഷ്പക്ഷമായ അന്വേഷണം അനിവാര്യമാണെന്ന് വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## SREENIVASAN

നടൻ ശ്രീനിവാസന് അന്ത്യാഞ്ജലി അർപ്പിച്ച് കേരളം. എറണാകുളം ടൗൺ ഹാളിലും അദ്ദേഹത്തിൻറെ  കൊച്ചി കണ്ടനാട്ടെ വസതിയിലും പൊതുദർശനത്തിന് വെച്ച ഭൗതികശരീരത്തിൽ നിരവധിപേർ ആദരാഞ്ജലി അർപ്പിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ, നടന്മാരായ മമ്മൂട്ടി, മോഹൻലാൽ, ദിലീപ്, സംവിധായകരായ കമൽ, സത്യൻ അന്തിക്കാട്, തുടങ്ങി നിരവധി പേർ ടൗൺ ഹാളിലെത്തി അന്ത്യാഞ്ജലി അർപ്പിച്ചു. സംസ്കാരം ഇന്ന് രാവിലെ 10 മണിക്ക് വീട്ടുവളപ്പിൽ ഔദ്യോഗിക ബഹുമതികളോടെ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## LSGD OATH (INTRO)

കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കും. തുടർന്ന് ഭരണസമിതിയുടെ ആദ്യ യോഗം നടക്കും.

വിശദാംശങ്ങളിലേക്ക്...

(വോയിസ്)

തിരഞ്ഞെടുക്കപ്പെട്ടവരിലെ മുതിർന്ന അംഗം ആദ്യം സത്യപ്രതിജ്ഞ ചെയ്യും. ആ മുതിർന്ന അംഗമായിരിക്കും മറ്റുള്ളവർക്ക് സത്യവാചകം ചൊല്ലിക്കൊടുക്കുക. ആകെ 23 ആയിരത്തി 573 പേരാണ് പുതുതായി തെരഞ്ഞെടുക്കപ്പെട്ടത്. ഗ്രാമ, ബ്ലോക്ക്,  ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പൽ കൗൺസിലുകളിലും രാവിലെ 10 നും കോർപ്പറേഷനുകളിൽ 11.30 നുമാണ് സത്യ പ്രതിജ്ഞാ ചടങ്ങ് ആരംഭിക്കുക. തുടർന്ന് ഭരണസമിതിയുടെ ആദ്യ യോഗം ആദ്യം പ്രതിജ്ഞ ചെയ്ത അംഗത്തിൻറെ

അധ്യക്ഷതയിൽ ചേരും. മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പൽ ചെയർമാൻ, വൈസ് ചെയർമാൻ തെരഞ്ഞെടുപ്പുകൾ ഡിസംബർ 26-ന് നടക്കും. ഡിസംബർ 27-നായിരിക്കും ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിലെ അധ്യക്ഷ ഉപാധ്യക്ഷ സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്.

ന്യൂസ് ഡെസ്ക് ആകാശവാണി...

## SIR - RATAN U KELKAR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഈ മാസം 23 ന് പുറത്തിറക്കുന്ന കരട് വോട്ടർ പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ. സംസ്ഥാനത്ത് എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായിട്ടുണ്ട്.

## PM SHIVRAJ ARTICLE

ഗ്രാമങ്ങളുടെ സമഗ്ര വികസത്തിനുതകുന്നതാണ് വിക്സിത് ഭാരത് ജി റാം ജി ബില്ലെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. 2026-27 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിനായി, കാർഷിക മേഖലയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ മന്ത്രാലയം ക്ഷണിക്കുന്നതായും അദ്ദേഹം അറിയിച്ചു. പദ്ധതികൾ രൂപപ്പെടുത്തുന്നതിനായി കർഷകരെയും വിദഗ്ധരെയും ശാസ്ത്രജ്ഞരെയും പങ്കെടുപ്പിച്ച് നടത്തുന്ന ചിന്തൻ ശിബിറിനെ കുറിച്ച് ശ്രീ ചൗഹാൻ പരാമർശിച്ചു. ന്യൂഡൽഹിയിൽ ചൗധരി ചരൺ സിംഗ് അവാർഡ് പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്ര കൃഷി മന്ത്രി.

## JITHENDRA SINGH

പൊണ്ണത്തടി പ്രതിരോധിക്കുന്നതിനായി സമൂഹത്തിന്റെ കൂട്ടായ പരിശ്രമം അനിവാര്യമെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂ ഡൽഹിയിൽ ഇന്നലെ നടന്ന ദ്വിദിന ഏഷ്യ -ഓഷ്യാനിയ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യം നേരിടുന്ന പൊതുജനാരോഗ്യ പ്രതിസന്ധി

യാണ് പൊണ്ണത്തടി. ശരീര ഭാരം കുറയ്ക്കുന്ന മരുന്നുകൾ വിവേകപൂർവം മാത്രമേ ഉപയോഗിക്കാവു. പൊണ്ണത്തടി കേവലം ഒരു ജീവിതശൈലി രോഗമല്ലെന്നും രാജ്യത്തു 63 ശതമാനത്തോളം മരണവും പൊണ്ണത്തടി യുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടിരിക്കുന്നതായും കേന്ദ്ര മന്ത്രി വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

## UNDER-19 ASIA CUP CRICKET

ദുബായിൽ നടക്കുന്ന ഏഷ്യ കപ്പ് അണ്ടർ 19 ഫൈനൽ മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനുമായി ഏറ്റുമുട്ടും. രാവിലെ പതിനൊന്നിന് ദുബായിലെ ഐ സി സി അക്കാദമി മൈതാനത്താണ് മത്സരം. ഒമ്പതാം തവണ കിരീടം ലക്ഷ്യമിട്ടിറങ്ങുന്ന ഇന്ത്യയെ ആയുഷ് മാത്രേയാകും നയിക്കുക. സെമിയിൽ ഇന്ത്യ ശ്രീലങ്കയെയും പാകിസ്ഥാൻ ബംഗ്ലാദേശിനെ യുമാണ് പരാജയപ്പെടുത്തിയത്. ടൂർണമെന്റിൽ, ഗ്രൂപ്പ് ഘട്ടത്തിൽ ഇന്ത്യ പാകിസ്ഥാനെ പരാജയപ്പെടുത്തിയിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸
☸☸☸☸☸☸☸
☸☸☸☸☸
☸☸☸
☸